"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്-കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ വീട്ടിത്തടികൾ ലേലം ചെയ്ത് വില്പന നടത്തിയത്- തുക അനുവദിക്കുന്നതിന് അനുമതി നല്കുന്നു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.428/2022/F&WLD തീയതി,തിരുവനന്തപുരം, 10-10-2022

---

പരാമർശം:- പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 21/01/2021, 03/08/2022 തീയതികളിലെ പ്രൊ(5)-95565/2019 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

മാനന്തവാടി, കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർഷറേഷൻ പരിസരത്തുനിന്നും വിൽപനയ്ക്കായി ബാവലി ഡിപ്പോയിൽ എത്തിച്ച 12 കഷണം വീട്ടിത്തടികൾ വനം വകുപ്പ് ലേലം ചെയ്ത് വില്പന നടത്തിയതിൽ, വനം വകുപ്പിന് ചെലവായ 72,168/-രൂപ കിഴിച്ച്, സ്റ്റേറ്റ് വെയർഹൗസിംഗ് കോർപറേഷന് നല്കുവാനുള്ള 1,32,125/-രൂപ (ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം), തുക ഒടുക്കിയ ആൾക്ക് മാത്രമേ റീഫണ്ട് അനുവദിച്ച നൽകുവാൻ സാധിക്കുകയുള്ളുവെന്നതിനാലും, മറ്റൊരാൾക്കോ, സ്ഥാപനത്തിനോ റീഫണ്ട് നൽകുവാൻ ഇ-ട്രഷറി വഴി സാധിക്കുകയില്ലാത്തതിനാലും, സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷന് ടി തുക അനുവദിച്ച് നൽകുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും, വനം വകുപ്പിന് ചെലവായ തുക കിഴിച്ച് ബാക്കി തുക കേരള സ്റ്റേറ്റ് വെയർ ഹൗസ് കോർഷറേഷന് നൽകുന്നതിന് അനുമതി നൽകണമെന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയും, മാനന്തവാടി വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമായ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, വേമം ദേശത്ത് റീ സർവ്വേ 688/5 എ1ബി-യിൽപ്പെട്ട ഡി-3966 ഹെക്ടർ ഭൂമി മാനന്തവാടി കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ തന്നെ ഉടമസ്ഥതയിലുള്ളതാണെന്നും, ടി ഭൂമിയിൽ നിന്നും മരങ്ങൾ മുറിച്ച് ലേലം നടത്തിയതുകൊണ്ടാണ് കോർപ്പറേഷന് വിൽപ്പന വില നിർദ്ദേശിച്ചതെന്ന്

അറിയിക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ തന്നെ ഉടമസ്ഥതയിലുള്ള വേമം ദേശത്ത് റീ സർവ്വേ 688/5 എ1ബി-യിൽപ്പെട്ട ഡി-3966 ഹെക്ടർ ഭൂമിയിലെ വീട്ടിത്തടികൾ, വനം വകുപ്പ് ലേലം ചെയ്ത് വില്പന നടത്തിയതിൽ, വനം വകുപ്പിന് ചെലവായ 72,168/-രൂപ കിഴിച്ച്, സ്റ്റേറ്റ് വെയർഹൗസിംഗ് കോർപറേഷന് നല്കുവാനുള്ള 1,32,125/-രൂപ(ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി നൂറ്റി ഇരുപത്തിയഞ്ച് രൂപ), ടി സ്ഥാപനത്തിന് അനുവദിച്ചു നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UDAYAKUMAR A R
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം.

സോണൽ മാനേജർ,കേരള വെയർ ഹൗസിങ് കോർപ്പറേഷൻ,തലശ്ശേരി,കണ്ണൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (17.09.2022 ലെ 1734906/Agri-A2/32/2021-FIN നമ്പർ കുറിപ്പ് പ്രകാരം)

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Ravindran C
Date: 10-10-2022 16:48:25
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിന്/ ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന്/ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിന്.